# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1549 06-03-2020 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ നിയമനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ആകെ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ക്ലർക്ക്-1, പി.ടി.എസ്-2, എന്നിങ്ങനെ 3 സ്ഥിരം ജീവനക്കാരാണുള്ളത്. |
| (ബി) | ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | സ്പെഷ്യൽറൂൾ രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളനുസരിച്ച് വകുപ്പിന്റെ പ്രൊപ്പോസൽ സർവ്വീസ് സംഘടനകളുമായി 16.03.2020-ന് ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. |
| (സി) | ഡയറക്ടർ തസ്തികയിൽ സ്ഥിരം ജീവനക്കാരനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്പെഷ്യൽറൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് ഡയറക്ടർ തസ്തികയിൽ സ്ഥിരം ജീവനക്കാരനെ നിയമിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ